(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിച്ചവരുടെ നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകളുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എത്ര കേസുകളെന്നും ഈ കേസുകൾ എന്തിനുവേണ്ടി ആയിരുന്നു എന്നും പ്രസ്തുത കേസിലെ വിധി എന്തായിരുന്നു എന്നും വ്യക്തമാക്കാമോ ;

(ഇ) ഇതു സംബന്ധിച്ച് 1999-ലെ ഒ.പി. 30441 കേസിലെ വിധി എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ വിധി അനുസരിച്ച് ടി കേസ്സിലെ വാദികളായവർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ ഈ വിധി നടപ്പാക്കാൻ വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ ;

(എച്ച്) ഇവർക്ക് സ്ഥിരനിയമനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ ഹെൽത്ത് അസിസ്റ്റന്റ് ഗ്രേഡ്-2 എന്ന തസ്തികയുടെ നിലവിലുള്ള പേര് രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നാണ്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്ഥിരം നിയമനം ലഭിച്ചവർ 109 പേർ. എംപ്ലോയ്മെന്റ് വഴി നിയമനം ലഭിച്ചവർ ഇല്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല. (ഹെൽത്ത് അസിസ്റ്റന്റ് ഗ്രേഡ്-2, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 സംബന്ധിച്ച്)

(ഇ) ഈ ഒ.പി. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2 ആയി ബന്ധപ്പെട്ടതാണ്.

(എഫ്) ഇല്ല.

(ജി) ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചതു കൊണ്ടാണ് വിധി നടപ്പാക്കാത്തത്.

(എച്ച്) ബഹുമാനപ്പെട്ട സ്പ്രീം കോടതിയുടെ തീർപ്പിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ന്റെ ഒഴിവുള്ള തസ്തികയിലേക്ക് നിയമനം നടത്താൻ നടപടി

150 (4585) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ന്റെ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ലിസ്റ്റിൽനിന്ന് എത്ര പേർക്കാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളത് ;

(സി) പ്രസ്തുത തസ്തിക പ്രകാരം പാലക്കാട് ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഒഴിവുള്ള മുഴുവൻ തസ്തികയിലേക്കും ഈ ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 11-9-2002-ൽ നിലവിൽ വന്നു.

(ബി) 145 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) 47 ഒഴിവുകൾ ഉണ്ട്.

(ഡി) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് സംയോജിപ്പിക്കേണ്ടതായിട്ടുള്ളതിനാൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ർ തസ്തികയിലെ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയില്ല.

ഹോം നഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ്

151 (4586) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെന്റ് ഹോമിയോ നേഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ് നടത്തുന്നതിനുള്ള തീരുമാനമെടുത്തിരുന്നുവോ ;

(ബി) എങ്കിൽ ഇതിന്റെ അപേക്ഷ എപ്പോൾ സ്വീകരിച്ചുവെന്നും ഇതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത നടപടിക്രമങ്ങളുടെ ഭാഗമായി സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ജില്ല തിരിച്ചുള്ള പേര് വിവരം വ്യക്തമാക്കാമോ ;

(ഡി) ഈ കോഴ്സിന്റെ പ്രസിദ്ധീകരിച്ച നിലവിലുള്ള ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരുമാനമെടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly